**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. T.2800

20.06.2013-ൽ
മറുപടി നൽകേണ്ടത്

**അട്ടപ്പാടി മേഖലയിലെ ഭൂമി കൈയ്യേറ്റം**

| ചോദ്യം<br>ശ്രീ.എ.കെ.ബാലൻ | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) അട്ടപ്പാടി മേഖലയിലെ ഷോളയാർ, പുതൂർ, അഗളി എന്നീ പഞ്ചായത്തുകളിലെ ആദിവാസികളുടെ ഭൂമി കയ്യേറിയിട്ടുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (എ) ഷോളയൂർ, കോട്ടത്തറ എന്നീ വില്ലേജുകളിലെ വെള്ളകുളം പ്രദേശത്ത് ആദിവാസി ഭൂമി കയ്യേറ്റം ഉള്ളതായി ആരോപണം ഉയർന്നിട്ടുണ്ട്. ഇക്കാര്യം അന്വേഷിച്ച് നടപടി സ്വീകരിച്ചുവരുന്നു. കയ്യേറ്റം നടന്നിട്ടുള്ള എല്ലാ കേസുകളിലും 1999 ലെ കേരള പട്ടിക വർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുന:രവകാശ സ്ഥാപനവും ആക്ട് പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) അട്ടപ്പാടി മേഖലയിലെ മൂന്ന് പഞ്ചായത്തുകളിലും റീസർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | (ബി) റീസർവ്വെ നടപടികൾ പൂർത്തിയായിട്ടില്ല. |
| (സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അട്ടപ്പാടി മേഖലയിൽ ആരംഭിച്ച റീ സർവ്വെ ഓഫീസ് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ എന്നും റീസർവ്വെ പ്രവർത്തനങ്ങൾക്ക് എത്ര സർവ്വേയർമാരെയാണ് നിയമിച്ചിരിക്കുന്നതെന്നറിയിക്കാമോ; | (സി) ഭൂമി കേരളം പദ്ധതിയുടെ കീഴിൽ ആരംഭിച്ച റീസർവ്വെ ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 4 ഹെഡ് സർവ്വെയർമാരും 56 സർവ്വെയർമാരും അടങ്ങുന്ന ടീമിനെയാണ് പ്രസ്തുത ജോലികൾക്കായി നിയോഗിച്ചിരുന്നത്. |
| (ഡി) അവർ ഇപ്പോഴും അവിടെ പ്രവർത്തിക്കുന്നുണ്ടോ എന്നും അറിയിക്കാമോ; | (ഡി) നിലവിൽ ടി ജീവനക്കാർ ആരും തന്നെ അവിടെ പ്രവർത്തിച്ചുവരുന്നില്ല. |
| (ഇ) റീ സർവ്വെ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നില്ലെങ്കിൽ ആയതിന്റെ കാരണം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഇ) പ്രാഥമിക സർവ്വെ പ്രവർത്തന വേളയിൽ ലഭ്യമായ പ്രമാണങ്ങളുടെയും, പട്ടയങ്ങളുടെയും സാധുത പരിശോധിച്ച ശേഷമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ